കൃഷിയും കയറും വകുപ്പു മന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 63,46,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വനവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,68,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദ സഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,46,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ ഈ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

X. ക്രമപ്രശ്നം

(1) നിയമസഭ പാസ്സാക്കുന്ന നിയമംവഴിയല്ലാതെ സഞ്ചിത നിധിയിൽനിന്നു പണം ചെലവഴിച്ചതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, ഭരണഘടനയുടെ 204-ാം അനുച്ഛേദമനുസരിച്ച് നിയമസഭ പാസ്സാക്കുന്ന ഒരു നിയമംവഴിയല്ലാതെ ഒരു ചെലവും നിർവഹിക്കാൻ നമ്മുടെ സഞ്ചിതനിധിയിൽ നിന്നും പണം എടുത്തു കൂടാ. 205-ാം അനുച്ഛേദമനുസരിച്ച് അധിക ചെലവുണ്ടായാൽ അതു സംബന്ധിച്ച ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കുകയും അംഗീകാരം തേടുകയും ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. കഴിഞ്ഞ 20 വർഷമായി നമ്മുടെ പ്രാക്ടീസ് എന്താണെന്ന് ചോദിച്ചാൽ അധിക ചെലവ് ഉണ്ടാകുന്നത് നിയമസഭ അറിയുന്നില്ല. നമ്മുടെ പി.എ.സി. റിപ്പോർട്ടിൽ തന്നെ ഒരു കാര്യം പറഞ്ഞു. 1997-1998 വരെയുള്ള കണക്കാണ് അന്ന് പരിശോധിച്ചത്. 778 കോടി ഉറുപ്പികയുടെ അധിക ചെലവ് നിയമസഭ പോലും അറിയാതെ അതാത് ഭരണ വകുപ്പുകൾ ചെലവഴിക്കുകയാണ്. അത് റെഗുലറൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഈ റിപ്പോർട്ട് വന്ന ശേഷവും ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞിട്ടും റെഗുലറൈസ് ചെയ്യാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇപ്പോൾ 2001-2002 വരെയുള്ള സാമ്പത്തിക വർഷം 1810 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

അധികച്ചെലവ് വന്നിട്ടുണ്ട്. ഇവിടെ ഇപ്പോൾ നിയമസഭയുടെ മുമ്പാകെ വന്നിട്ടുള്ളത് 1,519 കോടി രൂപയുടെ അധിക ചെലവ് സംബന്ധിച്ച ധനാഭ്യർത്ഥന മാത്രമാണ്. മുന്നൂറു കോടിയോളം രൂപയുടെ അധിക ചെലവ് നിയമസഭയുടെ മുമ്പാകെ വന്നിട്ടില്ല. ഇത് ഭരണഘടനയ്ക്കും നിയമ വ്യവസ്ഥയ്ക്കും തന്നെ എതിരാണ്.

(2) ഓർഡിനൻസ് നിരാകരിക്കാനുള്ള സഭയുടെ അവകാശം നിഷേധിച്ചിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 213 (2) എ പ്രകാരം നിയമസഭയ്ക്ക് ഒരു അവകാശമുണ്ട്. അതായത് ഓർഡിനൻസുകൾ നിരാകരിക്കുന്നതിനുള്ള അവകാശം സഭയ്ക്കുള്ളതാണ്. ഓർഡിനൻസ് നിരാകരിക്കാനുള്ള സഭയുടെ ആ അവകാശമാണ് ചവിട്ടിമെതിക്കപ്പെട്ടത്. ജൂൺ 27-ന് പുറപ്പെടുവിച്ച ബുള്ളറ്റിൻ 496 പ്രകാരം Kerala Contingency Fund Ordinance Amendment Act-ന് ഇവിടെ റീപ്ലേസ്മെന്റ് ആവശ്യമില്ല. Not to be replaced എന്നാണ് പറഞ്ഞിരിക്കുന്നത്. സഭയുടെ അവകാശം എന്തിനാണ് ഇങ്ങനെ അവഹേളിക്കുന്നത്? 7-ാം കേരള നിയമസഭയിൽ ശ്രീ. രാജേന്ദ്രൻ ഇക്കാര്യം ഉന്നയിച്ചു. ആദ്യത്തെ തവണ അങ്ങ് പ്രത്യേകം റൂളിംഗ് നൽകിയില്ല. രണ്ടാമത് റൂളിംഗ് എന്ന നിലയിൽ പറഞ്ഞു, ഒരു കാരണവശാലും ആവർത്തിക്കരുതെന്ന്. അങ്ങയുടെ റൂളിംഗിന് വിരുദ്ധമാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് അനുവദിച്ചു കൂടാ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട എം. വി. ജയരാജനും, എ. സി. ഷൺമുഖദാസും ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നങ്ങൾക്ക് രണ്ടായിത്തന്നെ മറുപടി പറയാം. നിയമസഭ സാമ്പത്തിക വർഷം അനുവദിക്കുന്നതിനേക്കാൾ തുക അധികമായി ചെലവ് ചെയ്യേണ്ടി വന്നാൽ അത്തരം ചെലവുകൾ എക്സെസ്സ് ഗ്രാന്റ് ആയിട്ടാണ് നിയമസഭയിൽ അവതരിപ്പിക്കേണ്ടത്. അതാണ് നിയമസഭയുടെ ചരിത്രം. അതാണ് സാധാരണ ചെയ്യാറുള്ളത്. മുൻ കാലങ്ങളിലും ചെയ്തത് അതാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയും അതുതന്നെയാണ്. ഈ വിധത്തിൽ ധനാഭ്യർത്ഥന നമ്മൾ കൊണ്ടുവരുന്ന അവസരത്തിൽ 3,590 കോടി രൂപ ഇത്തരത്തിൽ റെഗുലറൈസ് ചെയ്യാമായിരുന്നു. 1983-84 കാലഘട്ടം മുതൽ 2001-2002 വരെയും അതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ പി.എ.സി.-യുടെ നിതാന്ത ജാഗ്രതയുടെ ഫലമായി സാധിച്ചു. അത് 772 കോടി രൂപയാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ബാലിശമായി കാണേണ്ട കാര്യമല്ല. 1982 മുതൽക്ക് ആവർത്തിച്ചു വരുന്ന നയം അത് റെഗുലറൈസ് ചെയ്യേണ്ടത് റൈറ്റ് ടൈമിലാണ്. ഇപ്പോൾ റൈറ്റ് ടൈം ആയതുകൊണ്ട് നമ്മൾ ഇത് ചെയ്യുന്നു എന്നു മാത്രമേയുള്ളു. ശമ്പളം, പെൻഷൻ, പലിശ, വായ്പ, തിരിച്ചടവ് തുടങ്ങിയ ഇനങ്ങളിലാണ് അധികച്ചെലവ് സാധാരണ ഉണ്ടാകാറുള്ളത്. ശമ്പളം, പെൻഷൻ എന്നിങ്ങനെ ട്രഷറി നിയന്ത്രണമില്ലാത്ത ചിലയിനങ്ങളെയാണ് പലിശ, വായ്പ, തിരിച്ചടവ് എന്നുവച്ചത്. നമ്മുടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly